# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6639 01.11.2011-ൽ മറുപടിയ്ക്ക്

## കമാന്റ് ഏരിയാ വികസന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.ജെ.ജോസഫ്<br>( ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കമാന്റ് ഏരിയാ വികസന പരിപാടികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) കാഡയുടെ കീഴിൽ കേന്ദ്രഗവണ്മെന്റിന്റെ സിഎഡിഡബ്ല്യുഎം പ്രോഗ്രാം കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ ജലസേചനപദ്ധതികളിൽ നടപ്പിലാക്കി വരുന്നു. ഫീൽഡുചാനലുകൾ നിർമ്മിച്ചുകൊണ്ട് കൃഷിയിടങ്ങളിൽ ജല ലഭ്യത ഉറപ്പുവരുത്തുകയും ഫീൽഡ് ഡ്രെയിനുകൾ നിർമ്മിച്ചും മറ്റു വെള്ളക്കെട്ടു നിവാരണപ്രവർത്തനങ്ങൾ നടത്തിയും ഭൂമിയെ കൃഷിയോഗ്യമാക്കുകയും ചെയ്യുക. പുതിയ കൃഷിരീതികളെപ്പറ്റിയും വിത്തിനങ്ങളെപ്പറ്റിയുമൊക്കെ കൃഷിക്കാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി മാതൃകാകൃഷിപ്ലോട്ടുകൾ നടത്തുക. പരിശീലനം നടത്തുക, കർഷകർക്ക് സബ്സിഡി, ഗ്രാന്റ് തുടങ്ങിയവ വിതരണം ചെയ്യുക എന്നീ പ്രവർത്തനങ്ങളാണ് കാഡായിലൂടെ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. |
| (ബി) ഗുണഭോക്താക്കൾക്ക് കൂടുതൽ പങ്കാളിത്തം ഉണ്ടാക്കത്തക്കവിധം ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; | (ബി) കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങളെല്ലാം തന്നെ ഉപഭോക്തൃകർഷക സമിതികൾ വഴിയാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി നിലവിലുള്ള ഏതെല്ലാം പദ്ധതികളിലാണ് നടപ്പാക്കിവരുന്നത്; | (സി) | കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ ജലസേചനപദ്ധതികളാണ് ഇപ്പോൾ കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങൾ (CADWM Programme) നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയിൽ സിഎഡിഡബ്ല്യുഎം പ്രോഗ്രാം നടപ്പിലാക്കുന്നതിന് കേന്ദ്രഗവണ്മെന്റിൽ നിന്നും അനുമതിയും സംസ്ഥാനഗവണ്മെന്റിന്റെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. സിഎഡിഡബ്ല്യുഎം പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ആവശ്യമായ ഓഫീസുകളും സ്റ്റാഫും അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |
| (ഡി) | ജലവിനിയോഗ സമിതികളുടെ രൂപീകരണം സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്? | (ഡി) | കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങൾ എല്ലാംതന്നെ ഉപഭോക്തൃകർഷക സമിതി വഴിയാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. കാഡയുടെ കീഴിൽ ഇപ്പോൾ നിലവിലുള്ള കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ പദ്ധതികളിൽ ഇതു വരെ 407 കർഷക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടിയുള്ള ജലവിനിയോഗം (പി ഐ എം) നടപ്പിലാക്കുന്നതിനുവേണ്ടി വാട്ടർ യൂസേഴ്സ് അസോസിയേഷൻ (ജലവിനിയോഗസമിതി) കാഡയിൽ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ